# കേരള കാർഷിക സർവ്വകലാശാല വാർത്തകൾ

**(ഫെബ്രുവരി 02 - 08, 2024)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone:0487-2370773)**

**No. C3/4/2024 – 4** **Dt. 01.02. 2024**

**ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ**

പുഞ്ചകൃഷിക്കുള്ള ഒരുക്കങ്ങൾ തുടരാം. രണ്ടാം വിളയ്ക്ക് ശേഷം വെള്ളമുണ്ടെങ്കിൽ പയറോ പച്ചക്കറിയോ നടാം. ഇത് മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കുകയും തുടർന്നുള്ള കൃഷിയിൽ നെല്ലിന്റെ കീടരോഗബാധ കുറയ്ക്കുകയും ചെയ്യും. ഏക്കറിന് കുമ്മായം 240 കിലോഗ്രാം ഇട്ട് ഒരാഴ്ച്ചക്കുശേഷം 2 ടൺ ജൈവവളം വിതറി നിലം ഉഴുക. അവസാന ചാൽ ഉഴവിന് മുമ്പ് മൂപ്പു കുറഞ്ഞ ഇനങ്ങൾക്ക് ഏക്കറിന് 70 കി.ഗ്രാം ഫാക്ടം ഫോസ്, 10 കി.ഗ്രാം യൂറിയ എന്നിവ അടിവളമായി ചേർക്കണം. ഇടത്തരം മൂപ്പുള്ളവക്ക് 90 കി.ഗ്രാം ഫാക്ടം ഫോസും 15 കി.ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും വേണ്ടി വരും. അവസാനത്തെ ഉഴവിന് വളം അടിമണ്ണിൽ ചേർക്കുന്നത് വഴി അവയുടെ കാര്യക്ഷമത വർദ്ധിക്കും. തുടർന്ന് ചെളി നിരപ്പാക്കി ഏക്കറിന് 35 കി.ഗ്രാം എന്ന തോതിൽ വിത്ത് വിതക്കാം. വിത്ത് കുതിർക്കുന്നതിന് സ്യൂഡോമോണസ് കൾച്ചർ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ഒരു കിലോ വിത്തിന് ഉപയോഗിക്കുന്നത് നെൽകൃഷിയിൽ കാണുന്ന കുമിൾ, ബാക്ടിരിയ രോഗങ്ങൾ തടയാനും രോഗപ്രതിരോധശേഷി നൽകാനും സഹായിക്കും. (മുളപ്പിക്കാനുള്ള വിത്ത് ഒരു രാത്രി മുഴുവൻ ഈ ലായനിയിൽ കുതിർത്ത് വയ്ക്കണം.)

തെങ്ങിന് നന തുടരണം. തെങ്ങിന്റെ തടത്തിൽ ചപ്പുചവറുകളിട്ട് നന്നായി പുതയിടാൻ ശ്രദ്ധിക്കണം. ചാലിൽ തൊണ്ട് അടുക്കുന്നതും തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ചകിരിച്ചോറ് തടത്തിൽ നിരത്തുന്നതും ജലസംഭരണ ശേഷി വർദ്ധിപ്പിക്കും. വിത്തു തേങ്ങ ശേഖരണം തുടരാം. ചെമ്പൻ ചെല്ലിയുടെ ഉപദ്രവം ഇപ്പോൾ ഉണ്ടാകാം. തടിയിൽ സുഷിരങ്ങളും അതിലൂടെ ചണ്ടി പുറത്തു വരുന്നതുമാണ് ലക്ഷണം. കൊമ്പൻചെല്ലിയുടെ വണ്ടുകളെ ചെല്ലിക്കോൽ കൊണ്ട് കുത്തിയെടുക്കുക. മണലും വേപ്പിൻ പിണ്ണാക്കും തുല്യ അളവിൽ ചേർത്ത് ഇലകവിളുകളിൽ നിറയ്ക്കുക.

മണ്ട മറിച്ചിൽ ലക്ഷണം കാണുന്ന കമുകുകളിൽ ഇത് നിയന്ത്രിക്കാനായി ഓരോ കമുകിനു ചുറ്റും 250 ഗ്രാം വീതം കുമ്മായം ഇട്ട് നനച്ചു കൊടുക്കണം. ഒരാഴ്ച്ച കഴിഞ്ഞ് ബോറാക്സ് പൗഡർ 25 ഗ്രാം വീതം കമുകിന്റെ വേരിന്റെ ഭാഗത്ത് ഇട്ടു ചേർത്തു കൊടുക്കാം. കൂടാതെ ഫൈറ്റോലാൻ 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓലകളിൽ തളിക്കുന്നതും നല്ലതാണ്. കമുകിന് ആഴ്ച്ചയിൽ ഒരിക്കൽ എന്ന തോതിൽ നന തുടരാം. തെക്കൻ വെയിലിന്റെ ചൂടു കൊണ്ട് പൊള്ളൽ ഏൽക്കാതിരിക്കാൻ തടിക്കു ചുറ്റും ഓല കെട്ടുകയോ വെള്ള പൂശു

കയോ ചെയ്യാം. ചെറു തൈകൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കണം. വിത്തടക്ക ശേഖരിക്കുകയും പാകുകയും ചെയ്യുന്നത് തുടരാം

കുരുമുളക് വേര് പിടിപ്പിക്കേണ്ട സമയമായി. പെട്ടെന്ന് വേര് പിടിക്കുന്നതിനായി തണ്ടിന്റെ ചുവടറ്റം IBA വെള്ളത്തിൽ ലയിപ്പിച്ച ലായനിയിൽ 45 സെക്കന്റ് നേരം മുക്കി നട്ടാൽ മതിയാകും. ചെറുകൊടികൾക്ക് തണൽ നൽകി സംരക്ഷിക്കണം. കൊടിയുടെ ചുവട്ടിൽ പുതയിടുന്നത് ഉണക്കിന്റെ കാഠിന്യം കുറയ്ക്കാൻ സഹായിക്കും.

പച്ചക്കറികളിൽ കേടുവന്ന കായ്കൾ നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യൂലുർ 6 എണ്ണം ഒരു ഏക്കറിന് എന്ന തോതിലും ഇതിനോടൊപ്പം തുളസി/പഴക്കെണികൾ ഉപയോഗിക്കുന്നതും കായീച്ച നിയന്ത്രണത്തിന് നല്ലതാണ്. എന്നിട്ടും കുറവില്ലെങ്കിൽ രണ്ട് മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിന് 10 ഗ്രാം ശർക്കര ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ചു കൊടുക്കണം.

കശുമാവിൻ തോട്ടത്തിലെ കളകൾ നീക്കം ചെയ്ത് തോട്ടം വൃത്തിയാക്കിയിടുക. തേയില കൊതുകിന്റെ ആക്രമണവും കൊമ്പുണക്കവും ഒരുമിച്ച് ഉണ്ടാകാനിടയുണ്ട്. തേയിലകൊതുകിനെതിരെ 50% വീര്യമുള്ള ക്യുനാൾഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിന് എന്ന കണക്കിൽ കലക്കി തളിക്കുക. കൊമ്പുണക്കത്തിനെതിരെ കോപ്പർ ഓക്സി ക്ലോറൈഡ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

വാഴയ്ക്ക് കുറുനാമ്പുരോഗം വരുത്തുന്ന വൈറസുകളെ പരത്തുന്ന മുഞ്ഞയെ നശിപ്പിക്കാൻ വേപ്പെണ്ണ – വെളുത്തുള്ളി മിശ്രിതം ഒരാഴ്ച ഇടവിട്ട് രണ്ടു തവണ തളിക്കുന്നത് നല്ലതാണ്. നിമാവിരബാധ, കരിക്കിൻകേട് എന്നിവ ഒഴിവാക്കാൻ വേപ്പിൻപിണ്ണാക്ക് ഉപയോഗിക്കാം. തടതുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ വേപ്പധിഷ്ടിത കീടനാശിനി 6 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് 5–ാം മാസം മുതൽ ഓരോമാസവും തടിയിൽ സ്പ്രേ ചെയ്യുകയും ഇലക്കവിളുകളിൽ ഒഴിക്കുകയും ചെയ്യുക.

## <u>അറിയിപ്പ്</u>

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പന യ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487–2370773
2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ എല്ലാത്തരം പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള

കൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

**നിബന്ധനകൾ**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ട വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0487–2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-

പ്രൊഫസർ & ഹെഡ്